# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1143 — 21.03.2013-ൽ മറുപടിക്ക്

## സർക്കാർ മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | മറുപടി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പമന്ത്രി) |
| --- | --- |
| എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പോളിടെക്നിക് വിഭാഗത്തിൽപ്പെട്ട വർക്ക്ഷോപ്പ് സൂപ്രണ്ട് (എഞ്ചിനീയറിംഗ് കോളേജ്) ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ, ഇൻസ്ട്രക്ടർ ഗ്രേഡ്-II, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ എന്നീ വിഭാഗങ്ങൾക്ക് എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ചും യൂണിവേഴ്സിറ്റി നിയമങ്ങൾക്ക് വിധേയമായും ശമ്പളം, പ്രൊമോഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കാൻ അർഹതയുണ്ടോ; | എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പോളിടെക്നിക് വിഭാഗത്തിൽപ്പെട്ട വർക്ക്ഷോപ്പ് സൂപ്രണ്ട് (എഞ്ചിനീയറിംഗ് കോളേജ്) ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ, ഇൻസ്ട്രക്ടർ ഗ്രേഡ്-II, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ എന്നീ വിഭാഗങ്ങൾക്ക് കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണ ഉത്തരവനുസരിച്ചുള്ള ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയും ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ അനുസരിച്ചുള്ള പ്രൊമോഷനുകൾക്കും അർഹതയുണ്ട്. |
| ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ റൂൾസിലൂടെ സർക്കാർ മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കുകയും എയ്ഡഡ് എൻജിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് നൽകുകയും ചെയ്യുന്ന സാഹചര്യമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) സർക്കാർ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്പെഷ്യൽ റൂളുകൾ അടിസ്ഥാനമാക്കിയുള്ള യോഗ്യതയും നിയമന രീതികളുമാണ് നിലവിലിരിക്കുന്നത്. എന്നാൽ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾ നിശ്ചയിച്ചിട്ടുള്ള നിയമന മാനദണ്ഡങ്ങളാണ് ബാധകമായിട്ടുള്ളത്. ആയതിനാൽ പ്രൊമോഷൻ, വേതനം എന്നിവയിൽ ചില വിഭാഗം ജീവനക്കാർക്കിടയിൽ ചില വ്യത്യാസങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ഈ അപാകതകൾ പരിഹരിക്കപ്പെടുന്നതിന് ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവോ; ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | സി) സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വിവിധ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടുകൾക്ക് അനുസരിച്ച് സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിന്റെ സാധ്യത സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ